ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 31.08.2026 TIME : 12.50 PM

## പ്രധാന വാർത്തകൾ

1. ദ്വീപുകളുടെ സുസ്ഥിര പുരോഗതിയിലൂടെ പുതുയുഗത്തിലേക്ക് മുന്നേറുകയാണ് ലക്ഷ്യമെന്ന് ഉപരാഷ്ട്രപതി സിപി രാധാകൃഷ്ണൻ. ലക്ഷദ്വീപിലെ പ്രധാൻ മന്ത്രി മത്സ്യ സമ്പദ് യോജനയുടെ ഗുണഭോക്താക്കൾക്കുള്ള സഹായം ഉപരാഷ്ട്രപതി വിതരണം ചെയ്തു.

**Vice President C.P. Radhakrishnan stated that the goal is to forge ahead into a new era through the sustainable development of islands. The Vice President distributed assistance to the beneficiaries of the Pradhan Mantri Matsya Sampada Yojana in Lakshadweep.**

2. 26-ാമത് ഷാങ്ഹായ് സഹകരണ സംഘടന ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി കിർഗിസ്ഥാനിൽ. ബിഷ്കെക്കിൽ മഹാത്മ ഗാന്ധി പ്രതിമയിൽ പ്രധാനമന്ത്രി പുഷ്പാർച്ചന നടത്തി.

**Prime Minister Narendra Modi will attend the 26th Shanghai Cooperation Organisation (SCO) Summit in Kyrgyzstan . PM paid floral tributes at the Mahatma Gandhi statue in Bishkek.**

3. നടപ്പ് സാമ്പത്തിക വർഷത്തിൽ 7 ശതമാനത്തിലധികം വളർച്ചാ നിരക്ക് ഇന്ത്യ നിലനിർത്തുമെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ.

**Finance Minister Nirmala Sitharaman says, India is likely to sustain economic growth rate of 7 per cent or more in financial year 2026-27.**

4. നേപ്പാൾ മിന്നൽപ്രളയത്തിൽ രക്ഷാ പ്രവർത്തനങ്ങൾ ഊർജ്ജിതം. 44 മലയാളികൾ കൂടി സുരക്ഷിതരായി കോഴിക്കോട് തിരികെയത്തി.

**Rescue operations have been intensified in Nepal. A group of 44 more Keralites has safely returned to Kozhikode.**

5. ഇന്ത്യൻ നാവികസേനയുടെ ആഴക്കടൽ ദൗത്യങ്ങൾക്ക് ഊർജ്ജം പകരുന്നതിന് **INS** 'നിപുൺ' കപ്പൽ മുംബൈയിൽ കമ്മീഷൻ ചെയ്തു.

**The Indian Navy today commissioned INS Nipun, the second Diving Support Vessel (DSV) of the Nistar-lass, at Naval Dockyard, Mumbai.**

6. ഹോർമുസ് കടലിടുക്കിൽ ഇറാൻറെ റോക്കറ്റ് ലോഞ്ചറുകൾക്ക് നേരെ ശക്തമായ ആക്രമണം നടത്തി യുഎസ് സൈന്യം.

**US forces strike Iranian rocket launchers on Larak Island in Strait of Hormuz.**

$$$$$$$$$$$$$$$$$$$$$$$$

**PRESIDENT-NIFT**

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയുടെ ന്യൂഡൽഹിയിൽ നടന്ന സംയുക്ത ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമു പങ്കെടുത്തു. രാജ്യത്തുടനീളമുള്ള 18 NIFT കാമ്പസുകളിൽ നിന്നും ബിരുദം നേടിയ വിദ്യാർത്ഥികൾ ചടങ്ങിന് സാക്ഷ്യം വഹിച്ചു.

$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-1

**VP-L.DWEEP (INTRO)**

*ദ്വീപുകളുടെ സുസ്ഥിര പുരോഗതിയിലൂടെ പുതുയുഗ ത്തിലേക്ക് മുന്നേറുകയാണ് ലക്ഷ്യമെന്ന് ഉപരാഷ്ട്രപതി സിപി രാധാകൃഷ്ണൻ. ലക്ഷദ്വീപിൽ കേന്ദ്രസർക്കാർ സംഘടിപ്പിച്ച ജനസമ്പർക്ക പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യയുടെ പ്രത്യേക സാമ്പത്തിക മേഖലയുടെ ആറിലൊന്ന് ലക്ഷദ്വീപിൽ നിന്നാണെന്നും ഉപരാഷ്ട്രപതി പറഞ്ഞു.*
*(ഹോൾഡ് വോയിസ്.....)*

*പ്രധാൻമന്ത്രി മത്സ്യ സമ്പദ് യോജനയുടെ ഗുണഭോക്താക്കൾക്കുള്ള സഹായ വിതരണവും ഉപരാഷ്ട്രപതി നിർവഹിച്ചു. മിഷൻ രംഗീൻ മച്ലി കർമ്മപദ്ധതിക്കും അദ്ദേഹം തുടക്കമിട്ടു. കേന്ദ്ര സഹമന്ത്രി എസ്. പി. സിംഗ് ബാഗേൽ, ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്റർ പ്രഫുൽ പട്ടേൽ എന്നിവർ സന്നിഹിതരായിരുന്നു.*

$$$$$$$$$$$$$$$$$$$$$$$$$

**VP-RETURN**

കൊച്ചി കാക്കനാട് രാജഗിരി സ്കൂൾ ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജി ഓഡിറ്റോറിയത്തിൽ നടക്കുന്ന രജതജൂബിലി ആഘോഷങ്ങളിലും കോൺഫ്ലുവൻസ് 3.0 വ്യവസായ–അക്കാദമിക് ഉച്ചകോടിയിലും ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ വൈകിട്ട് പങ്കെടുക്കും. രണ്ട് ദിവസത്തെ സന്ദർശനം പൂർത്തിയാക്കി അദ്ദേഹം ഇന്ന് കൊച്ചിയിൽ നിന്ന് ന്യൂഡൽഹിയിലേക്ക് മടങ്ങും.

$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-2

### PM-KYRGYZSTAN

26-ാമത് ഷാങ്ഹായ് സഹകരണ സംഘടന ഉച്ചകോടിയിൽ പങ്കെടുക്കാൻ കിർഗിസ്ഥാനിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി ബിഷ്കേക്കിൽ Friends of India കൂട്ടായ്മയിലെ അംഗങ്ങളുമായി സംവദിച്ചു. മഹാത്മാ ഗാന്ധി സ്മാരക പാർക്കിലെ ഗാന്ധി പ്രതിമയിൽ ശ്രീ നരേന്ദ്ര മോദി പുഷ്പാർച്ചന നടത്തി. എസ്.സി.ഒ ഉച്ചകോടിക്ക് മുന്നോടിയായി റഷ്യ, കിർഗിസ്ഥാൻ, അർമേനിയ എന്നീ രാജ്യങ്ങളിലെ നേതാക്കളുമായി അദ്ദേഹം ഉഭയകക്ഷി ചർച്ചകൾ നടത്തും. നാളെയാണ് ഷാങ്ഹായ് സഹകരണ ഉച്ചകോടി. മധ്യേഷ്യൻ സാംസ്കാരിക പാരമ്പര്യം വിളിച്ചോതുന്ന ആറാമത് 'വേൾഡ് നൊമാഡ് ഗെയിംസിന്റെ' ഉദ്ഘാടന ചടങ്ങിലും പങ്കെടുക്കും.

$$$$$$$$$$$$$$$$$$$$$$$$

## HEADLINE-3

### SITHARAMAN-SOUTH CAROLINA

2026-27 സാമ്പത്തിക വർഷത്തിൽ 7 ശതമാനത്തിലധികം സാമ്പത്തിക വളർച്ചാ നിരക്ക് ഇന്ത്യ നിലനിർത്തുമെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ. ഷിക്കാഗോയിലെ പ്രവാസി ഇന്ത്യക്കാരെ അഭിസംബോധന ചെയ്യുകയായിരുന്നു ധനമന്ത്രി. യുഎസ്-ഇറാൻ സംഘർഷം, ഹോർമുസ് കടലിടുക്ക് അടച്ചതുമൂലമുള്ള വിതരണ ശൃംഖലയിലെ തടസ്സങ്ങൾ തുടങ്ങിയ പ്രതിസന്ധികൾക്കിടയിലും രാജ്യത്തിൻറെ വളർച്ചാ വേഗത നിലനിൽക്കും. കേന്ദ്ര സർക്കാരിന്റെ ഘടനാപരമായ പരിഷ്കാരങ്ങൾ തുടരുമെന്നും ശ്രീമതി നിർമല സീതാരാമൻ വ്യക്തമാക്കി.

$$$$$$$$$$$$$$$$$$$$$$$$

## HEADLINE-5

### INS - Nipun

ഇന്ത്യൻ നാവികസേനയുടെ നിസ്താർ വിഭാഗത്തിൽ ഉൾപ്പെടുന്നു രണ്ടാമത്തെ കപ്പലായ INS 'നിപുൺ' മുംബൈയിൽ കമ്മീഷൻ ചെയ്തു.

നാവികസേനയുടെ ആഴക്കടൽ ദൗത്യങ്ങൾക്ക് നിപുൺ കൂടുതൽ ഊർജ്ജം പകരുമെന്ന് കമ്മീഷനിംഗ് ചടങ്ങിൽ പങ്കെടുക്കവെ നാവിക സേന മേധാവി, അഡ്മിറൽ കൃഷ്ണ സ്വാമിനാഥൻ പറഞ്ഞു. വിശാഖപട്ടണം ഹിന്ദുസ്ഥാൻ ഷിപ്പ്‌യാർഡ് ലിമിറ്റഡ് പൂർണ്ണമായും തദ്ദേശീയമായി രൂപകൽപ്പന ചെയ്ത് നിർമ്മിച്ചതാണ് INS നിപുൺ.

$$$$$$$$$$$$$$$$$$$$$$$$

## PALAKKAD RAILWAYA DIVISION

പാലക്കാട് റെയിൽവേ ഡിവിഷന് ഇന്ന് എഴുപതാം വാർഷികം. 1956 ഓഗസ്റ്റ് 31-നാണ് പാലക്കാട് റയിൽവേ ഡിവിഷൻ ഔദ്യോഗികമായി പ്രവർത്തനമാരംഭിച്ചത്.ചെന്നൈ ആസ്ഥാനമാക്കിയുള്ള ദക്ഷിണ റെയിൽവേയുടെ ഏറ്റവും പഴക്കമേറിയ ഡിവിഷനാണ് പാലക്കാട്.

ഒലവക്കോട് ഡിവിഷനെന്നായിരുന്നു ആദ്യപേര്. ട്രെയിൻ കൺട്രോളിങ് കംപ്യൂട്ടർവത്കരണം ഇന്ത്യയിൽ ആദ്യമായി നടപ്പാക്കിയത് പാലക്കാട് ഡിവിഷനിലാണ്.

$$$$$$$$$$$$$$$$$$$$$$$$

## SECRETARIATE REGULATION

സെക്രട്ടേറിയറ്റിൽ മുഖ്യമന്ത്രി സന്ദർശകരെ കാണുന്നതുമായി ബന്ധപ്പെട്ട് പുതിയ ക്രമീകരണങ്ങൾ ഏർപ്പെടുത്തി. പൊതുഅവധി അല്ലാത്ത തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ വൈകുന്നേരം മൂന്നു മുതൽ 5.30 വരെ സന്ദർശകർക്ക് മുഖ്യമന്ത്രിയെ കാണാം. പ്രായമായവർ, ഭിന്നശേഷിക്കാർ, ശാരീരിക അവശതയുള്ളവർ എന്നിവരെ സെക്രട്ടേറിയറ്റ് വളപ്പിലെ പരാതി പരിഹാര സെല്ലിൽ മുഖ്യമന്ത്രി നേരിട്ട് കാണും.

$$$$$$$$$$$$$$$$$$$$$$$$

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

(ബ്രേക്ക്)

$$$$$$$$$$$$$$$$$$$$$$$$$$$

**RAMESH CHENNITHALA**

കേരള പോലീസ് രാജ്യത്തിന് മാതൃകയാണെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. കണ്ണൂർ മാങ്ങാട്ടുപറമ്പിൽ പരിശീലനം പൂർത്തിയാക്കിയ പോലീസ് കേഡറ്റുകളുടെ പാസിംഗ് ഔട്ട് പരേഡിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭരണഘടന ഉറപ്പുതരുന്ന ജനാധിപത്യവും മതേതരത്വവും കാത്തുസൂക്ഷിക്കുന്നതിൽ പോലീസ് സേന മുഖ്യപങ്കുവഹിക്കുന്നുണ്ടെന്നും ശ്രീ രമേശ് ചെന്നിത്തല പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-4

**NORKA - NEPAL**

നേപ്പാളിൽ നിന്ന് ഇന്നലെ ബെംഗലൂരുവിൽ എത്തിയിരുന്ന 47 അംഗ സംഘത്തിലെ 44 പേർ ഇന്നു കോഴിക്കോട് എത്തി. മറ്റു മൂന്നു പേർ ട്രെയിനിൽ യാത്ര തിരിച്ചിട്ടുണ്ടെന്ന് യാത്രാ സംഘാടകർ അറിയിച്ചു. ഇന്നലെ 13 പേർ കേരളത്തിൽ തിരിച്ചെത്തിയിരുന്നു. അതിനിടെ മാനസ സരോവർ യാത്രയ്ക്ക് പോയിരുന്ന 19 കേരളീയർ ഉൾപ്പെടെയുള്ള 23 അംഗ സംഘത്തിലെ 11 പേർ ഡെൽഹിയിൽ എത്തി.

$$$$$$$$$$$$$$$$$$$$$$$$$$$

**DAY NEPAL FLOOD (INTRO)**

***നേപ്പാളിലുണ്ടായ മിന്നൽ പ്രളയത്തെത്തുടർന്ന് ത്രിശൂലി-3A സൈറ്റ് ഉൾപ്പെടെയുള്ള ജലവൈദ്യുത പദ്ധതികളുടെ തുരങ്കങ്ങളിൽ കുടുങ്ങിക്കിടക്കുന്ന നൂറോളം പേരെ രക്ഷിക്കാനുള്ള ശ്രമങ്ങൾ ഊർജിതമാക്കി. ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം 794 ആയി. വിശദാംശങ്ങളിലേക്ക്....***

***DAY NEPAL FLOOD (VO)***

***കുടുങ്ങിക്കിടക്കുന്നവരുമായി ബന്ധപ്പെടാൻ വിദഗ്ധരടങ്ങുന്ന രക്ഷാപ്രവർത്തകർ ശ്രമിക്കുന്നുണ്ടെങ്കിലും, തുരങ്കത്തിനുള്ളിൽ നിന്ന്***

*ഇതുവരെ യാതൊരു പ്രതികരണവും ലഭിച്ചിട്ടില്ല. കാണാതായ 2,500-ഓളം പേരിൽ നൂറിലധികം പേർ നേപ്പാളിലെ ജലവൈദ്യുത പദ്ധതികളിലെ ജീവനക്കാരാണെന്ന് കരുതപ്പെടുന്നു. മിന്നൽ പ്രളയത്തിൽ മരിച്ചവരുടെ എണ്ണം 794 ആയി. ത്രിശൂലി നദിയിലുണ്ടായ വെള്ളപ്പൊക്കത്തിൽ മധ്യ നേപ്പാളിലെ തൂക്കുപാലം ഒലിച്ചുപോയി. അതേസമയം , 11 ടൺ ദുരിതാശ്വാസ സാമഗ്രികളുമായി ഇന്ത്യയിൽ നിന്നുള്ള നാലാമത്തെ വിമാനം നേപ്പാളിലെത്തി. ഇതുവരെ 68.5 ടൺ ദുരിതാശ്വാസ സാമഗ്രികളാണ് ഇന്ത്യ നേപ്പാളിന് കൈമാറിയത്.*

*ന്യൂസ് ഡെസ്ക് ആകാശവാണി*

$$$$$$$$$$$$$$$$$$$$$$$$$

**BIHAR FLOOD**

ബിഹാറിലെ ഗന്ധക്, കോസി നദികളിലെ ജലനിരപ്പ് ഉയർന്നു. നേപ്പാളിലെ കടുത്ത വെള്ളപ്പൊക്കത്തെയും വൃഷ്ടിപ്രദേശങ്ങളിലെ കനത്ത മഴയെയും തുടർന്നാണ് ജലനിരപ്പുയർന്നത്. വാൽമീകി നഗർ- കോസി ബാരേജുകളുടെ ഷട്ടറുകൾ തുറന്നതിനാൽ സ്ഥിതി നിയന്ത്രണ വിധേയമാണ്. എന്നാൽ ജലനിരപ്പ് വീണ്ടും ഉയരാനുള്ള സാധ്യത കണക്കിലെടുത്ത് ചമ്പാരൻ, സരൺ, ഗോപാൽഗഞ്ച് ജില്ലകളിലെ ഭരണകൂടങ്ങൾക്ക് ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്.

$$$$$$$$$$$$$$$$$$$$$$$$$

**US-IRAN-HORMUZ**

ഹോർമുസ് കടലിടുക്കിൽ ഇറാൻറെ റോക്കറ്റ് ലോഞ്ചറുകൾക്ക് നേരെ ശക്തമായ ആക്രമണം നടത്തി യുഎസ് സൈന്യം. വ്യോമാക്രമണത്തിൽ നിരവധി സൈനികരും സാധാരണക്കാരും കൊല്ലപ്പെട്ടതായി ഇറാന്റെ ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ് കോർപ്സ് സ്ഥിരീകരിച്ചു. ആക്രമണത്തിന് പിന്നിൽ പ്രവർത്തിച്ചവർക്ക് കടുത്ത ശിക്ഷ നൽകുമെന്നും, ശക്തമായി തിരിച്ചടിക്കുമെന്നും ഇറാൻ മുന്നറിയിപ്പ് നൽകി.

$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-6

**WOMENS CRICKET**

ട്വന്റി-20 വനിതാ ഏഷ്യ കപ്പ് ക്രിക്കറ്റിൽ, ഗ്രൂപ്പ് ബി മത്സരത്തിൽ ബംഗ്ലാദേശ് ഇന്ന് ഇന്തോനേഷ്യയെ നേരിടും. ദുബായിൽ ഇന്ത്യൻ സമയം രാത്രി 8:00 മണിക്കാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ ഇന്ത്യ, തായ്‌ലൻഡിനെ 94 റൺസിന് പരാജയപ്പെടുത്തി. ഹോങ്കോങ്ങുമായി സെപ്റ്റംബർ 3 നാണ് ഇന്ത്യയുടെ അടുത്ത മത്സരം.

$$$$$$$$$$$$$$$$$$$$$$$$$$$$$$$

**TENNIS: US OPEN**

ഈ വർഷത്തെ യു.എസ് ഓപ്പൺ ടെന്നീസ് പുരുഷ സിംഗിൾസിൽ നിന്ന് ലോക മുൻ ഒന്നാം നമ്പർ താരം നൊവാക് ജോക്കോവിച്ച് പുറത്തായി. ആദ്യ റൗണ്ട് പോരാട്ടത്തിൽ അർജന്റീനയുടെ മരിയാനോ നവോണിയാണ് ജോക്കോവിച്ചിനെ അട്ടിമറിച്ചത്. ഇതോടെ 25-ാമത് ഗ്രാൻഡ് സ്ലാം കിരീടമെന്ന ജോക്കോവിച്ചിന്റെ സ്വപ്നം അവസാനിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$

**HOCKEY – WORLD CUP**

എഫ്ഐഎച്ച് ലോകകപ്പ് ഹോക്കി കിരീടം ജർമനിക്ക്. ഫൈനലിൽ ഏകപക്ഷീയമായ ഒരു ഗോളിന് സ്പെയിനിനെ പരാജയപ്പെടുത്തിയ ജർമ്മനി, തുടർച്ചയായി ഹോക്കി ലോകകപ്പ് നേടുന്ന ആദ്യ ടീമെന്ന ചരിത്രനേട്ടം സ്വന്തമാക്കി. ജർമ്മനിയുടെ നാലാമത്തെ ലോകകപ്പ് കിരീടമാണിത്.

നെതർലൻഡ്സിനെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് പരാജയപ്പെടുത്തി അർജന്റീന വെങ്കല മെഡൽ സ്വന്തമാക്കി.

$$$$$$$$$$$$$$$$$$$$$$$$$$$$$$$

**Squash**

മലേഷ്യയിൽ നടക്കുന്ന സ്ക്വാഷ് ടുവാങ്കു മുഹ്രിസ് ട്രോഫി പുരുഷ സിംഗിൾസ് കിരീടം ഇന്ത്യയുടെ അഭയ് സിംഗിന്. ഫൈനലിൽ ഹോങ്കോങ്ങിന്റെ ഹെൻറി ലിയോങ്ങിനെ 3-2 നാണ് അഭയ് പരാജയപ്പെടുത്തിയത്.

$$$$$$$$$$$$$$$$$$$$$$$$$

## SENSEX+GOLD

രാജ്യത്തെ ഓഹരിവിപണികളിൽ നഷ്ടം. സെൻസെക്സ് 383 പോയിൻറ് ഇടിഞ്ഞ് 76,881ലും നിഫ്റ്റി 142 പോയിൻറ് കുറഞ്ഞ് 24,034 ലും വ്യാപാരം തുടരുന്നു .
സ്വർണവിലയിൽ ഇടിവ്. പവന് 1,080 രൂപ കുറഞ്ഞ്

ഒരു ലക്ഷത്തി 14 ആയിരത്തി 960 രൂപയും ഗ്രാമിന് 14,370 രൂപയുമാണ് ഇന്നത്തെ വില.

$$$$$$$$$$$$$$$$$$$$$$$$$

## FOOTBALL-AFC U20 ASIAN CUP

ഏഷ്യൻ കപ്പ് ഫുട്ബോൾ യോഗ്യതാ റൗണ്ടിലെ ആദ്യ മത്സരത്തിൽ ഇന്ത്യ ഇന്ന് സിറിയയെ നേരിടും. ഉസ്ബെക്കിസ്ഥാനും, ബംഗ്ലാദേശിനുമൊപ്പം ഗ്രൂപ്പ് ബിയിലാണ് ഇന്ത്യ. 2006-ന് ശേഷം ആദ്യമായി ഏഷ്യൻ കപ്പ് യോഗ്യത നേടുക എന്ന ലക്ഷ്യത്തോടെയാണ് ഇന്ത്യൻ യുവനിര ഇറങ്ങുന്നത്.

$$$$$$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$

$$$$$$$$

$$$$$